**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1555** **06.03.2020-ൽ മറുപടിയ്ക്ക്**

**ഇന്റർനാഷണൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ മലപ്പുറത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്.<br>ഷാർജ ഭരണാധികാരി കേരളം സന്ദർശിച്ചതിന്റെ ഭാഗമായി നടന്ന ചർച്ചയിൽ ഷാർജയിലെ അധികാരികളുമായി യോജിച്ച് അവിടുത്തെ നിയമ വ്യവസ്ഥയ്ക്കനുസൃതമായി അന്തർദേശീയ നിലവാരത്തിൽ കേരളത്തിൽ ഒരു ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. G.O.(Rt)No.24/2020/Tran dated 21/01/2020 പ്രകാരം ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിംഗ് സെന്റർ മലപ്പുറത്ത് ആരംഭിക്കുന്നതിന് വേണ്ട ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശം നല്കാമോ; നിലവിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | വളരെ കുറഞ്ഞ ചെലവിൽ അന്തർദേശീയ നിലവാരത്തിൽ ഡ്രൈവിംഗ് പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയ്ക്ക് ആവശ്യമായ തുക പുനർവിനിയോഗം വഴി ലഭ്യമാക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പ് ചുമതല ആർക്കാണ്; ഇതുവഴി സംസ്ഥാനത്തിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | സ്ഥലം ലഭ്യമായിട്ടില്ല.<br>മലപ്പുറം ജില്ലയിലെ വേങ്ങര എന്ന സ്ഥലത്തെ ഇൻകലിന്റെ ഉടമസ്ഥതയിലുള്ള 30 ഏക്കർ സ്ഥലം 30 വർഷത്തേക്ക് ലീസ് തുക ഇക്വിറ്റി ഷെയർ വ്യവസ്ഥയിൽ ഷാർജ മോഡൽ |

| | | | |
|---|---|---|---|
| | | | ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുവാൻ ലഭ്യമാക്കുന്ന വിഷയം പരിഗണനയിലാണ്. പദ്ധതിയുടെ നടത്തിപ്പ് ചുമതല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച്(IDTR), എടപ്പാൾ എന്ന സ്ഥാപനത്തിന് ആണ്. കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, ഓസ്ട്രേലിയ തുടങ്ങിയ നിരവധി വിദേശ രാജ്യങ്ങളിൽ പോകുന്ന മലയാളികൾക്ക് അന്തർദേശീയ നിലവാരമുള്ള ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുക എന്നത് വലിയൊരു കടമ്പയാണ്. പ്രസ്തുത ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ കേരളത്തിൽ ആരംഭിക്കുക വഴി വേഗത്തിൽ ലെഫ്റ്റ് ഹാൻഡ് ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗ് പരിശീലനം എന്നിവ ലഭ്യമാക്കുവാൻ സഹായകമാകുമെന്നു കരുതുന്നു. |

**സെക്ഷൻ ഓഫീസർ**